**പതിനാലാം കേരളനിയമസഭ**
**ഒമ്പതാം സമ്മേളനം**

| നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *180 | 01.02.2018-ൽ മറുപടിക്ക് |
|---|---|

## പോക്സോ കേസുകൾക്ക് പ്രത്യേക കോടതി

| ചോദ്യം<br>ശ്രീ. പി.ബി. അബ്ദുൽ റസ്സാക്ക്<br>,, വി.കെ. ഇബ്രാഹിം കുഞ്ഞ്<br>,, സി. മമ്മൂട്ടി<br>,, ടി.വി. ഇബ്രാഹിം | | മറുപടി<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി | |
|---|---|---|---|
| (എ) | പോക്സോ കേസുകളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുവരുന്നതിനെപ്പറ്റി വിലയിരുത്തിയിട്ടുണ്ടോ; | (എ) | പോക്സോ നിയമത്തിലെ 21ാം വകുപ്പിൽ കുട്ടികൾക്കെതിരായ ലൈംഗിക അതിക്രമം ശ്രദ്ധയിൽപ്പെട്ടാലുടൻതന്നെ റിപ്പോർട്ട് ചെയ്യണമെന്ന് വ്യവസ്ഥ പാലിക്കുന്നതുമൂലവും സാമൂഹ്യനീതി വകുപ്പിന്റെ ആരോഗ്യപരമായ സമ്പർക്കത്തിലൂടെയും, ജനമൈത്രി പോലീസ് സംവിധാനം മുഖേനയുള്ള പോലീസ് ഇടപെടൽ ഉണ്ടാകുന്നതുമൂലവും ഇത്തരം കേസ്സുകളുടെ റിപ്പോർട്ടിംഗിൽ നേരിയ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. പോലീസിന്റെ കാര്യക്ഷമമായ ഇടപെടലിലൂടെ കൂടുതൽ കുറ്റവാളികളെ നിയമത്തിനു മുന്നിൽ കൊണ്ടുവരാനും കഴിഞ്ഞിട്ടുണ്ട്. |
| (ബി) | കുട്ടികൾക്കെതിരെ എല്ലാ രീതിയിലുമുള്ള അതിക്രമ കേസുകളിലും വിചാരണ വേഗത്തിലാക്കുന്നതിനും ശിക്ഷ ഉറപ്പാക്കാനും എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും പ്രത്യേക കോടതി വേണമെന്ന് പോക്സോ നിയമത്തിൽ നിഷ്കർഷിക്കുന്നുണ്ടോ; | (ബി) | കുട്ടികൾക്കെതിരെ എല്ലാ രീതിയിലുമുള്ള അതിക്രമകേസുകളിലും വിചാരണ വേഗത്തിലാക്കുന്നതിനും ശിക്ഷ ഉറപ്പാക്കാനും എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും പ്രത്യേക കോടതി വേണമെന്ന് പോക്സോ നിയമത്തിൽ നിഷ്കർഷിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | നിലവിൽ ഏതെല്ലാം ജില്ലകളിൽ ഇതിനായി പ്രത്യേക കോടതികൾ പ്രവർത്തിക്കുന്നുണ്ട്; മറ്റ് ജില്ലകളിലും ഇവ ആരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | (സി) | പോക്സോ കേസുകൾ മാത്രം കൈകാര്യം ചെയ്യാൻ പ്രത്യേക കോടതികൾ നിലവിലില്ല. എന്നാൽ കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ, ബാലാവകാശ ലംഘനങ്ങൾ എന്നിവ സംബന്ധിച്ച കേസുകൾ കൈകാര്യം ചെയ്യുന്നതിന് എല്ലാ ജില്ലകളിലെയും അഡീഷണൽ ജില്ലാ സെഷൻസ് കോടതികളെ അധികാരപ്പെടുത്തിക്കൊണ്ട് 31/03/2015-ലെ G.O.(P) No.23/2015/SJD പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ പോക്സോ കേസുകളും സ്ത്രീകൾക്കെതിരെയുള്ള ലൈംഗീകാതിക്രമങ്ങൾ സംബന്ധിച്ച കേസുകളും മാത്രം കൈകാര്യം ചെയ്യുന്നതിനുള്ള കോടതികളായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിലെ അഡീഷണൽ ജില്ലാ & സെഷൻസ് കോടതിയെ മാറ്റിക്കൊണ്ടുള്ള ഉത്തരവായിട്ടുണ്ട്. പോക്സോ കേസുകൾക്കായി ജില്ലാതലത്തിൽ പ്രത്യേക കോടതി സ്ഥാപിക്കുന്നത് നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ